| S001 | CO |
|---|---|

**കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ**

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,

നമ്പർ_714/GL2/2024/RTC. തീയതി : 19-01-2024.

## സർക്കുലർ മെമ്മോറാണ്ടം

വിഷയം:- കെ.എസ്.ആർ.ടി.സി യുടെ ഓഫീസുകളിൽ "**സ്മാർട്ട് സാറ്റർഡെ**" ആചരിക്കുന്നത് - സംബന്ധിച്ച്.

കെ.എസ്.ആർ.ടി.സി ഓഫീസുകളിൽ എല്ലാ ശനിയാഴ്ച പ്രവൃത്തി ദിനങ്ങളിലും "സ്മാർട്ട് സാറ്റർഡെ" (SMART SATURDAY) ആചരിക്കുന്നതിനായും, ടി ദിവസം ഉച്ചയ്ക്കുശേഷം ജീവനക്കാർ അവരവരുടെ വിഭാഗങ്ങളിലെ ഫയലുകൾ, മറ്റ് ഓഫീസ് ഉപകരണങ്ങൾ, ഓഫീസും പരിസരവും വൃത്തിയാക്കി അടുക്കും ചിട്ടയോടും ക്രമീകരിക്കേണ്ടതാണ്. ആയതിനാൽ ജീവനക്കാർ താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) ഫയലുകൾ / രജിസ്റ്ററുകൾ എന്നിവ വർഷാടിസ്ഥാനത്തിൽ റാക്ക് / അലമാരകളിൽ കൃത്യമായി അടുക്കി സൂക്ഷിക്കേണ്ടതാണ്.
2) കാലഹരണപ്പെട്ട ഫയലുകൾ / രജിസ്റ്ററുകൾ എന്നിവ ഡിസ്പോസൽ ചെയ്യുന്നതിനായി ഫയൽ നമ്പർ സഹിതം വ്യക്തമായി രേഖപ്പെടുത്തി പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്.
3) ഉപയോഗ ശൂന്യമായ ഓഫീസ് ഉപകരണങ്ങൾ ഓഫീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.
4) ഓഫീസിനുള്ളിലും, ഓഫീസ് പരിസരത്തും ഉള്ള നോട്ടീസുകൾ, പഴയ അലങ്കാര വസ്തുക്കൾ പഴക്കം ചെന്ന ചുവർ ചിത്രങ്ങൾ ഇവയൊക്കെ നീക്കം ചെയ്യേണ്ടതാണ്.
5) പേപ്പറുകൾ / സ്റ്റേഷനറി സാധനങ്ങൾ ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6) അനാവശ്യമായി ലൈറ്റ്, ഫാൻ തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നും ആവശ്യം കഴിഞ്ഞ് ഇവ സ്വിച്ച് ഓഫ് ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

7) പ്രതിവാര പുരോഗതി റിപ്പോർട്ട് യൂണിറ്റധികാരി വെൽഫയർ ഓഫീസർ (ചീഫ് ഓഫീസ്) –നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

"സ്മാർട്ട് സാറ്റർഡെ" **20-01-2024 ശനിയാഴ്ച** പ്രാബല്യത്തിൽ നടപ്പിലാക്കേണ്ടതും 1 മുതൽ 6 വരെയുള്ള നിർദ്ദേശങ്ങൾ 31-03-2024 നകം പൂർത്തീകരിക്കുകയും വെൽഫയർ ഓഫീസർക്ക് (ചീഫ് ഓഫീസ്) എല്ലാ തിങ്കളാഴ്ചയും അതാത് ജില്ലാ ഓഫീസർമാർ റിപ്പോർട്ട് നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്. വെൽഫയർ ഓഫീസർ പ്രസ്തുത റിപ്പോർട്ടിന്റെ മാതൃക തയ്യാറാക്കി **20-01-2024** നകം ബന്ധപ്പെട്ട ജില്ലാ ഓഫീസുകളെ അറിയിക്കേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ**

സ്വീകർത്താവ്

വെൽഫയർ ഓഫീസർ (ചീഫ് ഓഫീസ്)
എല്ലാ മേഖല / ജില്ലാ/ യൂണിറ്റ്/ വർക്ക്ഷോപ്പ് അധികാരികൾക്കും
ചീഫ് ഓഫീസിലെ എല്ലാ അധികാരികൾക്കും, സെക്ഷനുകൾക്കും

പകർപ്പ്: ഫയൽ, കരുതൽ ഫയൽ.

br/~